പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2290 **27-10-2026-ൽ മറുപടിയ്ക്ക്**

ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഐ.ടി. പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾക്ക് കേരളത്തിൽത്തന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് ഐ.ടി. പഠനം പൂർത്തിയാക്കിയ യുവതീ യുവാക്കൾക്ക് കേരളത്തിൽ തന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. സ്കിൽ കേരളം: എമേർജിങ് ടെക്നോളജി സ്കിൽ പ്രൊജക്ട് (Emerging Technology Skill Project):

- സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച്, അവരെ ആഗോള വ്യവസായ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാപ്തരാക്കുന്നതിനായി 'ആക്സിലറേറ്റ് കേരളം' (Accelerate Kerala) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സമഗ്രമായ പരിശീലന ഉദ്യമമാണിത്.
- ഈ വർഷത്തെ ലക്ഷ്യം: സംസ്ഥാനത്തുടനീളമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും 10,000 വിദ്യാർത്ഥികൾക്ക് ഈ വർഷം അത്യാധുനിക സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി അവരെ വ്യവസായ മേഖലയ്ക്ക് അനുയോജ്യമായി തൊഴിൽ സജ്ജരാക്കുന്നു (Industry-ready).
- ആഗോള സാങ്കേതിക പങ്കാളിത്തം: ആമസോൺ വെബ് സർവീസസ് (AWS), ഗൂഗിൾ (Google), റെഡ് ഹാറ്റ് (Red Hat), മോംഗോഡിബി (MongoDB), ഇന്റൽ (Intel), മൈക്രോസോഫ്റ്റ് (Microsoft) തുടങ്ങിയ മുൻനിര ആഗോള ഐ.ടി. കമ്പനികളുമായി സഹകരിച്ചുള്ള അന്താരാഷ്ട്ര നിലവാരമുള്ള പാഠ്യപദ്ധതി ലഭ്യമാക്കുന്നു.
- ഭാവി വിപുലീകരണം: വരും വർഷങ്ങളിൽ കൂടുതൽ നൂതന സാങ്കേതിക മേഖലകളെയും വിവിധ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാൻ ലക്ഷ്യമിടുന്നു.

2. അത്യാധുനിക സാങ്കേതിക പരിശീലനവും തൊഴിൽശേഷി വർദ്ധനവും:

- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ് (ML), ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ സയൻസ്, സൈബർ സുരക്ഷ, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ് തുടങ്ങിയ വിപണിയിൽ ഉയർന്ന ഡിമാൻഡുള്ള സാങ്കേതിക വിദ്യകളിൽ പ്രായോഗിക പരിശീലനം ഉറപ്പാക്കുന്നു. ഈ പരിശീലനം

പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലും വളർന്നു വരുന്ന മറ്റ് പ്രമുഖ ഐ.ടി. കമ്പനികളിലും ഉയർന്ന വേതനമുള്ള തെഴിലവസരങ്ങൾ നേടാൻ വഴിയൊരുക്കുന്നു.

3. ഉയർന്ന തൊഴിൽ നൈപുണ്യവും സാങ്കേതിക ആവാസവ്യവസ്ഥയും വഴിയുള്ള നിക്ഷേപ വളർച്ച:

- ഉയർന്ന സാങ്കേതിക പരിജ്ഞാനവും പ്രായോഗിക തൊഴിൽ നൈപുണ്യവുമുള്ള മികച്ചൊരു മാനവവിഭവശേഷിയെ (Highly Skilled Talent Pool) സൃഷ്ടിച്ചെടുക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ ഐ.ടി. ആവാസവ്യവസ്ഥ കൂടുതൽ കരുത്തുറ്റതാകുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയ്ക്കും വ്യവസായ വികസനത്തിനും വേഗം കൂട്ടുകയും ചെയ്യും.

(ബി) നഗര കേന്ദ്രീകൃതമായ ഐ.ടി. പാർക്കുകൾക്ക് പുറമെ, ഗ്രാമീണ മേഖലകളിൽ ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ വ്യാപിപ്പിക്കുന്നതിനായി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

<u>മറുപടി:</u> ഉദ്ദേശിക്കുന്നുണ്ട്. വലിയ നഗരങ്ങളെയും പ്രധാന ഐ.ടി. പാർക്കുകളെയും മാത്രം കേന്ദ്രീകരിക്കാതെ, വിവരസാങ്കേതികവിദ്യയുടെയും അതിലൂടെയുള്ള തൊഴിലവസരങ്ങളുടെയും നേട്ടങ്ങൾ ഗ്രാമീണ മേഖലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന പ്രധാന പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:

1. 'സ്കിൽ കേരളം' ഗ്രാമീണ മേഖലകളിലേക്ക് വിപുലീകരിക്കൽ:

- എമേർജിങ് ടെക്നോളജി സ്കിൽ പ്രൊജക്ട്' വഴി നൽകിവരുന്ന അത്യാധുനിക സാങ്കേതിക പരിശീലനങ്ങൾ അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ വിപുലമായി സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നു.
- ഗ്രാമീണ യുവാക്കൾക്ക് നൈപുണ്യ പരിശീലനം: ചെറുപട്ടണങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും അവരവരുടെ പ്രദേശങ്ങളിൽ വച്ചുതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ സയൻസ് തുടങ്ങിയ നവയുഗ സാങ്കേതികവിദ്യകളിൽ ലോകോത്തര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.
- തൊഴിൽ പ്രാപ്തി: ഗ്രാമീണ മേഖലയിലെ യുവാക്കളുടെ തൊഴിൽക്ഷമത (Employability) വർദ്ധിപ്പിച്ച്, അവരെ ആഗോള ഐ.ടി. വിപണിയിലെ തൊഴിലവസരങ്ങൾക്ക് അനുയോജ്യരാക്കി മാറ്റാൻ ഈ പദ്ധതി വഴി സാധിക്കും.

2. എം.എസ്.എം.ഇ (MSME) മേഖലയിലെ സാങ്കേതിക ശാക്തീകരണവും വികസനവും:

- ഗ്രാമീണ മേഖലകളിലെ ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് (MSMEs) അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളും ഐ.ടി. സേവനങ്ങളും ലഭ്യമാക്കുന്നതിനും, അവരെ സാങ്കേതികമായി പ്രാപ്തരാക്കുന്നതിനുമുള്ള ഒരു സമഗ്ര പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.
- സാങ്കേതിക നവീകരണം (Digital Adoption): പരമ്പരാഗത ഗ്രാമീണ വ്യവസായ സ്ഥാപനങ്ങളിലും ചെറുകിട സംരംഭങ്ങളിലും ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഏകോപിപ്പിക്കുന്നതിലൂടെ അവയുടെ പ്രവർത്തനക്ഷമതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കും.
- പ്രാദേശിക ഐ.ടി. സേവനങ്ങൾ: ഈ സ്ഥാപനങ്ങൾക്കാവശ്യമായ ഐ.ടി./ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായി പ്രാദേശികമായി കൂടുതൽ ഐ.ടി. സ്റ്റാർട്ടപ്പുകളും സർവീസ് പ്രൊവൈഡർമാരും ഉയർന്നുവരാൻ ഇത് വഴിയൊരുക്കും.

3. ഗ്രാമീണ മേഖലയിലെ തൊഴിൽ സൃഷ്ടിയും സാമ്പത്തിക വളർച്ചയും:

- തദ്ദേശീയ തൊഴിലവസരങ്ങൾ: ഗ്രാമപ്രദേശങ്ങളിലെ യുവാക്കൾക്ക് സ്വന്തം നാട്ടിൽത്തന്നെ പുതിയ ഐ.ടി./ഡിജിറ്റൽ മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.
- വർക്ക് ഫ്രം ഹോം / സാറ്റലൈറ്റ് ഐ.ടി. ഹബ്ബുകൾ: ഗ്രാമീണ മേഖലകളിലെ മെച്ചപ്പെട്ട ഡിജിറ്റൽ പശ്ചാത്തല സൗകര്യങ്ങളും നൈപുണ്യമുള്ള മാനവവിഭവശേഷിയും ഉപയോഗപ്പെടുത്തി പ്രാദേശിക കേന്ദ്രങ്ങളിലൂടെയും റിമോട്ട് തൊഴിൽ രീതികളിലൂടെയും കൂടുതൽ തൊഴിലവസരങ്ങൾ യുവജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കും.

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ കടന്നുവരവ് കാരണം തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുള്ളവരുടെയും ഐ.ടി. ജീവനക്കാരുടെയും തൊഴിൽ സംരക്ഷിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ വഴിയോ വ്യവസായ-ഐ.ടി. വകുപ്പുകൾ വഴിയോ നൈപുണ്യ വികസനം പോലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>മറുപടി:</u> ഉണ്ട്. ഇതിനായി ഐ.ടി. വകുപ്പിനു കീഴിൽ ആവിഷ്കരിച്ച് വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ താഴെ നൽകുന്നു:

1. അപ്സ്കില്ലിംഗ്, റീസ്കില്ലിംഗ് പദ്ധതികൾ (Up-skilling & Re-skilling):

- നിലവിൽ ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും, പുതിയ സാങ്കേതിക മാറ്റങ്ങൾ കാരണം തൊഴിൽ വെല്ലുവിളികൾ നേരിടുന്നവരുടെയും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി വിപുലമായ അപ്സ്കില്ലിംഗ് (Up-skilling - നൈപുണ്യ നവീകരണം), റീസ്കില്ലിംഗ് (Re-skilling - പുതിയ നൈപുണ്യങ്ങൾ സ്വായത്തമാക്കൽ) പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.
- സാങ്കേതിക മാറ്റങ്ങളുമായി പൊരുത്തപ്പെടൽ: പരമ്പരാഗത ഐ.ടി. സാങ്കേതികവിദ്യകളിൽ ജോലി ചെയ്യുന്നവരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), മെഷീൻ ലേണിംഗ്, ജെനറേറ്റീവ് എ.ഐ (Generative AI), ഏജന്റിക് എ.ഐ (Agentic AI), ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ സയൻസ്, സൈബർ സുരക്ഷ തുടങ്ങിയ പുതിയ കാലഘട്ടത്തിന്റെ സാങ്കേതികവിദ്യകളിലേക്ക് മാറ്റിയെടുക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.
- തൊഴിൽ നഷ്ടം തടയൽ: നവയുഗ സാങ്കേതികവിദ്യകളിൽ നൽകുന്ന നൈപുണ്യ നവീകരണ (Up-skilling), പുനർനൈപുണ്യ (Re-skilling) പരിശീലനങ്ങൾ, നിലവിലുള്ളതും ഭാവിയിൽ സൃഷ്ടിക്കപ്പെടുന്നതുമായ പുതിയ തൊഴിലവസരങ്ങൾ ഏറ്റെടുക്കാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു.

2. ഐ.ടി. പാർക്കുകളിൽ അത്യാധുനിക പരിശീലന കേന്ദ്രങ്ങൾ:

- ഐ.ടി. ജീവനക്കാർക്ക് ജോലി ചെയ്യുന്ന സ്ഥലങ്ങളിൽത്തന്നെ എളുപ്പത്തിൽ പരിശീലനം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പ്രധാന ഐ.ടി. പാർക്കുകളിലും (ടെക്നോപാർക്ക്, സൈബർപാർക്ക്, ഇൻഫോപാർക്ക്) അത്യാധുനിക നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങൾ (Up-skilling & Re-skilling Hubs) ആരംഭിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ICTAK സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.
- പങ്കാളിത്ത മാതൃക (Shared Platform Model): ഐ.ടി. പാർക്കുകളിലെ ജീവനക്കാർക്കും, വിവിധ ഐ.ടി. കമ്പനികൾക്കും ഒരേപോലെ പ്രയോജനപ്പെടുത്താൻ സാധിക്കുന്ന പങ്കാളിത്ത അടിസ്ഥാനത്തിലുള്ള പരിശീലന കേന്ദ്രങ്ങളായാണ് ഇവ വിഭാവനം ചെയ്തിട്ടുള്ളത്.

3. തൊഴിൽ സംരക്ഷണവും ഭാവി സജ്ജീകരണവും:

- ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടെ, എ.ഐ. സാങ്കേതികവിദ്യകളുടെ ആവിർഭാവം കൊണ്ട് ഐ.ടി. ജീവനക്കാരുടെ ജോലിക്ക് ഭീഷണി ഉണ്ടാകുന്നതിന് പകരം, പുതിയ സാങ്കേതികവിദ്യകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന 'ഫ്യൂച്ചർ-റെഡി' (Future-Ready)

ജീവനക്കാരായി നമ്മുടെ യുവതീയുവാക്കളെ മാറ്റിയെടുക്കാനും സംസ്ഥാനത്തെ ഐ.ടി. മേഖലയുടെ സുസ്ഥിരമായ വളർച്ച ഉറപ്പാക്കാനും സാധിക്കും. കൂടാതെ ഇതിലൂടെ ഐ.ടി. പാർക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് തടസ്സമില്ലാത്ത നൈപുണ്യ വികസന സൗകര്യം ഉറപ്പാക്കുന്നു.

സെക്ഷൻ ഓഫീസർ